പതിനഞ്ചാം കേരള നിയമസഭ

**മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)**

# പത്താമത് റിപ്പോർട്ട്

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2014-2016)യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

**പതിനഞ്ചാം കേരള നിയമസഭ**

**മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)**

**പത്താമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2014-2016)യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]**

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | V |
| ആമുഖം | vii |
| റിപ്പോർട്ട് | 1 |

# മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി(2023-2026)

## ഘടന

ചെയർപേഴ്സൺ :

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. പി. മോഹനൻ

വാഴൂർ സോമൻ *

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി സിന്ധു റ്റി.ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആനന്ദ് കെ., അണ്ടർ സെക്രട്ടറി

* 21.08.2025 -ന് അന്തരിച്ചു.

# ആമുഖം

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)യുടെ അധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ 10 -ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-2016)യുടെ അഞ്ചാമത് റിപ്പോർട്ട് 2015 ജൂൺ 8-ാംതീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ 23 ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ വിവിധ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും ചില റിപ്പോർട്ടുകളിന്മേൽ സമിതി അധിക വിവരം ആരായുകയും ചെയ്തു.

പ്രസ്തുത ശിപാർശകളിന്മേലും സമിതി ആരാഞ്ഞ അധിക വിവരത്തിന്മേലും സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകളും സമിതിയുടെ തുടർ ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി 4-ാംതീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,**

തിരുവനന്തപുരം,

ചെയർപേഴ്സൺ,

**2026 ഫെബ്രുവരി 5**

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി.

## റിപ്പോർട്ട്

വർദ്ധിച്ചുവരുന്ന മുതിർന്ന ജനവിഭാഗങ്ങളുടെ ആരോഗ്യ പുനരധിവാസ പ്രശ്നങ്ങൾ ഗൗരവതരമായി അവലോകനം ചെയ്യേണ്ട ഒരു വിഷയമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ, വയോജനക്ഷേമത്തിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് മുതിർന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ഉദ്ദേശ്യത്തോടെയാണ് സമിതി (2014-2016)യുടെ അഞ്ചാമത് റിപ്പോർട്ട് 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്.

പ്രസ്തുത റിപ്പോർട്ടിൽ 23 ശിപാർശകൾ ഉണ്ടായിരുന്നു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സാമൂഹ്യനീതി , കൃഷി, കൃഷി (ക്ഷീരവികസനം), തൊഴിലും നൈപുണ്യവും, ആഭ്യന്തരം, റവന്യൂ, പൊതുവിദ്യാഭ്യാസം, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ, ആരോഗ്യ കുടുംബക്ഷേമം , ഗതാഗതം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള പത്രികകൾ ലഭ്യമാക്കിയിട്ടുണ്ട്. ആയവ സമിതിയുടെ 08.09.2016, 27.12.2016, 14.06.2016, 03.11.2017, 09.05.2018, 19.09.2018, 08.05.2019, 23.05.2024 എന്നീ തീയതികളിലെ യോഗങ്ങളിലും 05.08.2025 -ലെ ഫയൽ അദാലത്തിലും പരിഗണിക്കുകയും അംഗീകരിക്കുകയും ഖണ്ഡിക 14, 15, 16, 27, 30, 37 എന്നിവയിൽ തുടർ ശിപാർശ നൽകുകയും ചെയ്തു.

## സമിതി ശിപാർശകളും സർക്കാർ റിപ്പോർട്ടുകളും സമിതിയുടെ തുടർ ശിപാർശകളും

### ഖണ്ഡിക-14

സ്വന്തമായി ജീവിക്കുവാൻ നിവൃത്തിയില്ലാത്ത , രോഗവും പ്രായാധിക്യവും കൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്ന മുതിർന്ന പൗരന്മാരായ ധാരാളം അവശ ജന്മിമാർ ഈ കാലഘട്ടത്തിലും ജീവിക്കുന്നുണ്ടെന്നും ഇവർക്ക് വളരെ തുച്ഛമായ ജന്മിപെൻഷൻ മാത്രമാണ് ലഭിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു . 1500 രൂപയാണ് ജന്മിപെൻഷനായി ലഭിച്ചുകൊണ്ടിരുന്നത്. പ്രസ്തുത തുക 3,000 രൂപയായി വർ

ദ്ധിപ്പിച്ചുകൊണ്ട് 01.09.2014-ൽ ഉത്തരവ് പുറപ്പെടുവിച്ചതിനെ സമിതി സ്വാഗതം ചെയ്യുന്നു. എന്നാൽ പ്രസ്തുത തുക അപര്യാപ്തമായതിനാൽ ആയത് 5,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത ജന്മിപെൻഷൻ കുടുംബ പെൻഷനായി ലഭിക്കുകയാണെങ്കിൽ അവരുടെ ജീവിതനിലവാരത്തിന് ഒരു പരിധിവരെ മാറ്റമുണ്ടാവുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായവർക്ക് മുൻ ജന്മിപെൻഷൻ കുടുംബ പെൻഷനായി നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി

*(റവന്യൂ (എൻ) വകുപ്പിന്റെ 06.01.2017-ലെ 81217/എൻ 1/2015/റവന്യൂ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി )*

കേരള ഭൂപരിഷ്കരണ നിയമം (Grant of pension to the indigent ex-landlords) Rules 1997 പ്രകാരമാണ് ജന്മിപെൻഷൻ നൽകിവരുന്നത്. പെൻഷൻ നൽകുന്നതിനുള്ള തുക Agriculturist Rehabilitation Fund ന്റെ പലിശ തുകയിൽ നിന്നും കണ്ടെത്തണമെന്ന് റൂൾ 9 ൽ നിഷ്കർഷിക്കുന്നു. നിലവിൽ പ്രതിവർഷം ഏകദേശം 17,77,927/- രൂപയാണ് പലിശയായി ലഭിക്കുന്നത്.

ആരംഭത്തിൽ പ്രതിമാസം 500/- രൂപ വീതം നൽകിവന്നിരുന്ന ജന്മി പെൻഷൻ തുക 2011-ൽ 1500/- രൂപയായും 2014-ൽ 3000/- രൂപയായും വർദ്ധിപ്പിച്ചിരുന്നു. 2015-16 സാമ്പത്തിക വർഷം 18 ലക്ഷം രൂപയാണ് മുൻ ജന്മി പെൻഷൻ വിതരണം ചെയ്യുന്നതിന് 3475-00-201-93 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നത്. ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 57,74,000/രൂപ (അമ്പത്തിയേഴ് ലക്ഷത്തി എഴുപത്തിനാലായിരം രൂപ മാത്രം) അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമാക്കിയാണ് പെൻഷൻ വിതരണം ചെയ്തത്.

നടപ്പ് സാമ്പത്തിക വർഷവും 18 ലക്ഷം രൂപയാണ് മുൻ ജന്മി പെൻഷൻ വിതരണം ചെയ്യുന്നതിന് 3475-00-201-93 എന്ന ശീർഷകത്തിൽ

വകയിരുത്തിയിട്ടുള്ളത്. നിലവിൽ നൽകിവരുന്ന ജന്മി പെൻഷൻ , കുടിശ്ശിക കൂടാതെ നൽകുന്നതിനായി പോലും അധിക ഫണ്ട് കണ്ടെത്തേണ്ടതുണ്ട്. ഇതിന് പുറമേ കുടുംബപെൻഷൻ അനുവദിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നതിനാൽ ഈ വിഷയം നിലവിൽ പരിഗണിക്കാനാവില്ല.

*(സമിതിയുടെ 14.06.2017-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)*

**തുടർശിപാർശ**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അർഹരായ ആളുകൾക്കെങ്കിലും ജന്മി പെൻഷൻ വർദ്ധിപ്പിച്ച് കുടുംബപെൻഷനായി നൽകുന്ന കാര്യം പുനഃപരിശോധിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി**

*(റവന്യൂ (എൻ) വകുപ്പിന്റെ 03.10.2018-ലെ എൻ1/414/2017/റവന്യൂ നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)*

നിലവിൽ ജന്മി പെൻഷൻ കുടിശ്ശിക കൂടാതെ നൽകുന്നതിനായി പോലും അധിക ഫണ്ട് കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇതിന് പുറമെ കുടുംബപെൻഷൻ അനുവദിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നതിനാൽ ഈ വിഷയം നിലവിൽ പരിഗണിക്കാൻ നിർവാഹമില്ല.

(സമിതിയുടെ 08.05.2019-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും തുടർ ശിപാർശ നൽകുകയും ചെയ്തു.)

**തുടർശിപാർശ**

നിലവിലെ ജന്മി പെൻഷൻ തുക അപര്യാപ്തമായതിനാൽ ആയത് 5000/- രൂപയായി വർദ്ധിപ്പിക്കണമെന്ന ശിപാർശ ജനറൽ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുകയും ആയത് സമിതിയുടെ (2021-23)യുടെ ഒന്നാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## ഖണ്ഡിക-15

ബസ്സുകളിൽ 20% സീറ്റുകൾ മുതിർന്ന പൗരന്മാർക്കായി റിസർവ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഏതാനും ബസ്സുകളിൽ, പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ മുതിർന്ന പുരുഷന്മാർക്കും മുതിർന്ന സ്ത്രീകൾക്കും സീറ്റുകൾ റിസർവ് ചെയ്ത് എഴുതിവയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷം ബസ്സുകളിലും, പ്രത്യേകിച്ച് സ്വകാര്യ ബസ്സുകളിൽ ഇങ്ങനെ രേഖപ്പെടുത്തി കാണുന്നില്ല. ഇതുനിമിത്തം മുതിർന്ന പൗരന്മാർക്ക് , അവർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യത്തെക്കുറിച്ച് ബോധവാന്മാരാകാനോ അത് ആവശ്യപ്പെടാനോ കഴിയുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ എല്ലാ സ്വകാര്യ/സർക്കാർ ബസ്സുകളിലും ഇത്തരം രേഖപ്പെടുത്തലുകൾ നിർബന്ധമായും നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ ആർ.ടി. ഒ. മാർക്ക് നിർദ്ദേശം നൽകണമെന്നും മുതിർന്ന പൗരന്മാർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യം നിർബന്ധമായും അവർക്ക് ലഭിക്കുന്നതിന് പോലീസ് വകുപ്പിന്റെ ഭാഗത്തുനിന്നും ഇടപെടലുകൾ ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി

*(ആഭ്യന്തര (എസ്. സി.) വകുപ്പിന്റെ 29.07.2018-ലെ എസ്.സി3/49/2017-ആഭ്യ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

സ. ഉ. (പി) നമ്പർ 11/2013/ഗതാഗതം പ്രകാരം മുതിർന്ന പൗരന്മാർക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള 20% സീറ്റുകൾ പ്രസ്തുത സംവരണ വിഭാഗത്തിന് ഉറപ്പ് വരുത്തണമെന്നും, ഈ സീറ്റുകൾ ബസ്സുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും , അതോടൊപ്പം തന്നെ സ്ത്രീകൾ, വികലാംഗർ, മുതിർന്ന പൗരന്മാർ എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ അവർ ആവശ്യപ്പെടുമ്പോൾ ഒഴിഞ്ഞു കൊടുക്കാതെ മറ്റ് യാത്രക്കാർ യാത്ര ചെയ്യുന്നത് മോട്ടോർ വാഹന നിയമം 177-ാം വകുപ്പ് പ്രകാരം 100/- രൂപ പിഴ ഈടാക്കാവുന്ന കുറ്റമാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും, സംസ്ഥാനത്തെ എല്ലാ മോട്ടോർ വാഹന വകുപ്പ്

ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും പ്രത്യേകിച്ച് വാഹന പരിശോധന സമയത്തും ഫിറ്റ്നെസ് ടെസ്റ്റ് നടത്തുമ്പോഴും മേൽ കാര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മുതിർന്ന പൗരന്മാരുടെ സീറ്റ് സംവരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ പല ഇടവേളകളിലായി പ്രത്യേക പരിശോധനകൾ നടത്തിവരുന്നതും, നിരവധി വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. തുടർന്നും ഇത്തരം നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് സർവ്വീസ് നടത്തിവരുന്ന കെ.എസ്.ആർ.ടി.സി ബസുകളിലും പ്രൈവറ്റ് ബസുകളിലും മുതിർന്ന പൗരൻമാർക്കായി മാറ്റിവച്ചിട്ടുള്ള സീറ്റുകളിൽ മുതിർന്ന പൗരന്മാർക്ക് ഇരുന്ന് യാത്ര ചെയ്യുന്നതിനുള്ള സൗകര്യം ചെയ്ത് കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഐ. ജി. ട്രാഫിക്കിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ കെ. എസ്. ആർ. ടി. സി. ബസുകളിലും പ്രൈവറ്റ് ബസുകളിലും മുതിർന്ന പൗരന്മാർക്കായി മാറ്റിവച്ചിട്ടുള്ള സീറ്റുകൾ മറ്റു യാത്രക്കാർ ദുരുപയോഗം ചെയ്യുന്നത് ഒഴിവാക്കി മുതിർന്ന പൗരൻമാർ തന്നെ ഇരുന്നു യാത്ര ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി പ്രത്യേക പരിശീലനം നേടിയ ഷാഡോ പോലീസിനേയും പിങ്ക് പട്രോൾ ടീമിനേയും നിയോഗിച്ചു വരുന്നതുമാണ്.

*(സമിതിയുടെ 19.09.2018-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**ഗതാഗത വകുപ്പ് സ്വീകരിച്ച നടപടി**

*(ഗതാഗത (ബി) വകുപ്പിന്റെ 23.04.2018-ലെ ബി1-24-2016-ഗതാ. നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)*

1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉൾപ്പെടുത്തിയ ചട്ടം 269(9) പ്രകാരം, ഓർഡിനറി, ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് സർവീസുകൾ ഒഴികെയുള്ളതും ഓൺലൈൻ റിസർവേഷൻ സൗകര്യം , ഏർപ്പെടുത്തിയിട്ടില്ലാത്തതുമായ എല്ലാ സ്റ്റേജ് കാര്യേജുകളിലും ഡ്രൈവറുടെയും കണ്ടക്ടറുടെയും സീറ്റുകൾ ഒഴിച്ചുള്ള സീറ്റുകളുടെ ആകെ 5% സീറ്റുകളും ഓർഡിനറി,

ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് സ്റ്റേജ് കാര്യേജുകളിൽ ഡ്രൈവറുടെയും കണ്ടക്ടറുടെയും സീറ്റുകൾ ഒഴികെയുള്ള സീറ്റുകളുടെ 20%- സീറ്റുകളും മുതിർന്ന പൗരന്മാർക്കായി സംവരണം ചെയ്തിട്ടുണ്ട്. ഈ 20% സീറ്റുകളുടെ പകുതി മുതിർന്ന സ്ത്രീകൾക്കും ബാക്കി പകുതി മുതിർന്ന പുരുഷന്മാർക്കുമായാണ് നീക്കിവച്ചിട്ടുള്ളത്. സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ അർഹരായവർ ആവശ്യപ്പെടുമ്പോൾ ഒഴിഞ്ഞു കൊടുക്കാതെ മറ്റ് യാത്രക്കാർ യാത്ര ചെയ്യുന്നത് 1988-ലെ മോട്ടോർ വാഹന നിയമം 177-ാം വകുപ്പ് പ്രകാരം 100 രൂപ പിഴ ഈടാക്കാവുന്ന കുറ്റമാണെന്ന 10.04.2013-ലെ 32/2013/ഗതാ നമ്പർ സർക്കാർ ഉത്തരവ് /വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കെ.എസ്.ആർ.ടി.സി ബസുകൾക്കുള്ളിൽ എഴുതി പ്രദർശിപ്പിക്കാറുണ്ട്. മേൽപ്പറഞ്ഞ രീതിയിൽ എല്ലാ ബസുകളിലും സീറ്റ് മാർക്ക് ചെയ്തിട്ടുണ്ടെന്ന് വാഹന പരിശോധന സമയത്തും ഫിറ്റ്നെസ്-ടെസ്റ്റ് നടത്തുമ്പോഴും ഉറപ്പുവരുത്താറുണ്ട്. അപ്രകാരം ഉറപ്പുവരുത്തണമെന്ന് സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് കർശന നിർദേശവും നൽകിയിട്ടുണ്ട്. ഈ ഉത്തരവ് കെ.എസ്.ആർ.ടി.സി.-യ്ക്കും ബാധകമാണ്. മുതിർന്ന പൗരന്മാരുടെ സീറ്റ് സംവരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ബസ്സുകളിൽ നടത്തിയ മിന്നൽ പരിശോധനകളിലൂടെയും മറ്റ് വാഹന പരിശോധനാ വേളകളിലും കണ്ടെത്തിയ വീഴ്ചകൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ ഈ വിഷയത്തിൽ പൊതുജനങ്ങളെ ബോധവാന്മാരാക്കുവാൻ പത്രക്കുറിപ്പ് പ്രസിദ്ധപ്പെടുത്തുവാൻ 28.03.2016 -ൽ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ കർശന നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

*(സമിതിയുടെ 19.09.2018-ലെ യോഗത്തിൽ പരിഗണിക്കുകയും തുടർശിപാർശ നൽകുകയും ചെയ്തു.)*

**തുടർശിപാർശ**

നീല നിറത്തിലുള്ള അക്ഷരങ്ങൾ പെട്ടെന്ന് കാണാൻ സാധിക്കുമെന്നതിനാൽ കെ .എസ്.ആർ.ടി.സി. ബസുകളുടെ ബോർഡുകൾ നീല നിറത്തിലുള്ള അക്ഷരത്തിൽ എഴുതുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും , അത് പ്രായോഗികമാണെങ്കിൽ പ്രാവർത്തികമാക്കണമെന്നും സമിതി ശിപാർശ ചെയ്യുകയും ആയത് മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-26)-ന്റെ 2025-ലെ ജനറൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തി തുടർനടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

**ഖണ്ഡിക-16**

സാമ്പത്തിക പരിധിയില്ലാതെ എല്ലാ വയോജനങ്ങൾക്കും സർക്കാർ/സ്വകാര്യ ആശുപത്രികളിൽ സൗജന്യമായി ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

*(ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പിന്റെ 15.09.2017-ലെ 2392/എം2/2016/ ആ.കു.വ. നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)*

സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനും ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളും ആരോഗ്യ കേന്ദ്രങ്ങളും സജ്ജമാക്കേണ്ടതായിട്ടുണ്ട്. ചിലവുകൾ ഏറെ വേണ്ടിവരുന്ന ഡയാലിസിസ് യൂണിറ്റുകളുടെ സേവനം സൗജന്യമായി നൽകുന്നത് ആശുപത്രികളുടെ തനതു ഫണ്ടായ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഫണ്ടിനെ പ്രതികൂലമായി ബാധിക്കാൻ സാദ്ധ്യതയുണ്ട് . ഇപ്പോൾ വളരെ കുറഞ്ഞ നിരക്കിലാണ് ഡയാലിസിസ് സേവനം സർക്കാർ ആശുപത്രികളിൽ നൽകിവരുന്നത് . 41 ആശുപത്രികളിൽ ലഭ്യമായ ഈ സേവനം കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു . സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വയോജനങ്ങൾക്ക് ഡയാലിസിസ് നിരക്കിൽ ഇളവുകൾ

നൽകുന്ന കാര്യം കൂടുതൽ ചർച്ചകൾക്ക് വിധേയമാക്കി പരിഗണിക്കാവുന്നതാണ്. അതോടൊപ്പം ആശുപത്രി വികസന ഫണ്ടിന്റെ നഷ്ടം നികത്തുന്നതിലേക്ക് വേണ്ട ഇൻഷുറൻസ് പദ്ധതികളെക്കുറിച്ചും, മറ്റ് സാമ്പത്തിക സഹായങ്ങളെക്കുറിച്ചും വിശദമായി പരിശോധിച്ച് പരിഗണിക്കുന്നതാണ്.

*(സമിതിയുടെ 03.11.2017-ലെ യോഗത്തിൽ പരിഗണിക്കുകയും തുടർശിപാർശ നൽകുകയും ചെയ്തു.)*

**തുടർ ശിപാർശ**

ബി.പി.എൽ. കാർഡിൽ ഉൾപ്പെട്ട 70 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങൾക്ക് ഡയാലിസിസ് സൗജന്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

*(ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പിന്റെ 03.02.2023-ലെ M2/303/2018-HEALTH നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

നിലവിൽ 96 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് നൽകിവരുന്നു. KASP, MEDICEP എന്നീ പദ്ധതികൾ വഴി എഴുപത് വയസിനു മുകളിലുള്ള വയോജനങ്ങൾക്കടക്കം ഡയാലിസിസ് ലഭ്യമാക്കുന്നുണ്ട്. KMSCL വഴിയും LSGD ഫണ്ട് വഴിയും ഡയാലിസിസിനുള്ള മരുന്നുകളും പല അനുബന്ധ ഉപകരണങ്ങളും സൗജന്യമായി ലഭ്യമാക്കി വരുന്നുണ്ട്.

*(23.05.2024-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**ഖണ്ഡിക-18**

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതിയായ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതയ്ക്കുള്ള വരുമാന പരിധി ഭേദഗതി ചെയ്ത് 1 ലക്ഷം രൂപയായി ഏകീകരിച്ചുകൊണ്ട് 20.06.2014 ലെ സ. ഉ.(എം. എസ്) നമ്പർ 52/2014/സാനീവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ഇത്തരത്തിൽ വരുമാനപരിധി 1 ലക്ഷമായി കുറച്ചപ്പോൾ വളരെയധികം

ആശ്വാസകരമായി പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന വലിയൊരു വിഭാഗം വയോജനങ്ങൾക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കാതെയായി. ആയതിനാൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന, ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 60 വയസ്സും അതിനു മുകളിലും പ്രായമുള്ള വയോജനങ്ങൾക്ക് ലഭിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി 3 ലക്ഷം രൂപയായി പുഃനസ്ഥാപിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സാമൂഹ്യ നീതി വകുപ്പ് സ്വീകരിച്ച നടപടി

*(സാമൂഹ്യ നീതി (സി) വകുപ്പിന്റെ 12.05.2016-ലെ 540104/സി1/2016/സാനീവ നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)*

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഉൾപ്പെടെയുള്ള എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകളും സമൂഹത്തിലെ അഗതികളെയും അശരണരെയും ലക്ഷ്യമിട്ട് നടപ്പിലാക്കുന്നതാണ്. 3 ലക്ഷം രൂപ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് പ്രതിമാസം 25,000/-രൂപ വരെ വരുമാനം ലഭിയ്ക്കുന്നുണ്ടാകും. ഇക്കൂട്ടർക്ക് വാർദ്ധക്യകാല പെൻഷൻ കൂടി ലഭിയ്ക്കണമെന്ന ആവശ്യം തന്നെ നീതിക്കു നിരക്കാത്തതാണ്. സമൂഹത്തിലെ യഥാർത്ഥ അശരണരും അഗതികളുമായ വൃദ്ധജനങ്ങൾക്കായി നടപ്പിലാക്കി വരുന്ന വാർദ്ധക്യകാല പെൻഷന്റെ ഗുണഭോക്താക്കളായി അനർഹർ കടന്നുകൂടുമെന്ന ആക്ഷേപങ്ങൾക്കൊടുവിൽ മന്ത്രിസഭാതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വാർദ്ധക്യകാല പെൻഷനുൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ അർഹതയ്ക്കുള്ള വരുമാന പരിധി 3 ലക്ഷം രൂപയിൽ നിന്നും 1 ലക്ഷം രൂപയായി ഏകീകരിച്ച് G.O.(Ms)52/14/SJD ഉത്തരവ് പുറപ്പെടുവിച്ചത്. ആയത് ഇനിയും വർദ്ധിപ്പിക്കുന്നത് അനുചിതമാകും.

*(സമിതിയുടെ 08.09.2016-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**<u>ഖണ്ഡിക-19</u>**

മുതിർന്നവർക്ക് പുനർനിയമനം സാദ്ധ്യമായ മേഖലകളിൽ ആയത് ലഭിക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>തൊഴിലും നൈപുണ്യവും വകുപ്പ് സ്വീകരിച്ച നടപടി</u>**

*(തൊഴിലും നൈപുണ്യവും (ജി) വകുപ്പിന്റെ 23.08.2016-ലെ 3495/ജി1/ 2016/തൊഴിൽ നമ്പർ കത്തുമുഖേന ലഭിച്ച മറുപടി)*

മുതിർന്നവർക്ക് പുനർനിയമനം സാദ്ധ്യമായ മേഖലകളിൽ ആയത് ലഭിക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് അധിക സാമ്പത്തിക ബാദ്ധ്യത വരുന്നതാണ്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് മുതിർന്ന പൗരൻമാർക്കു വേണ്ടി എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് രൂപീകരിക്കണമെന്ന ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല

*(സമിതിയുടെ 27.12.2016 -ലെ യോഗത്തിൽ അംഗീകരിച്ചു.)*

**<u>ഖണ്ഡിക-20</u>**

ചെവി കേൾക്കാനും കണ്ണുകാണുന്നതിനും നടക്കാൻ ബുദ്ധിമുട്ടുള്ളവരും മറ്റ് ശാരീരിക മാനസിക അവശതകൾ ഉള്ളതുമായ മുതിർന്ന പൗരൻമാർക്ക് പരസഹായമില്ലാതെ ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടതായി വരുന്ന അവസരങ്ങളിൽ റോഡ് ക്രോസ് ചെയ്യുന്നതിന് വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ഇത്തരം വയോജനങ്ങളെ റോഡ് കടത്തി വിടുന്നത് സംബന്ധിച്ച് സമൂഹത്തെ ബോധവൽക്കരിക്കണമെന്നും ട്രാഫിക് /ഹൈവേ പോലീസിന് വേണ്ട നിർദ്ദേശം നൽകണമെന്നും , സ്കൂൾ/കോളേജ് പാഠ്യ പദ്ധതിയിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി**

*(ആഭ്യന്തര (എസ്.സി.) വകുപ്പിന്റെ 29.07.2018-ലെ എസ്.സി. 3/49/2017 -ആഭ്യ നമ്പർ കത്തുമുഖേന ലഭിച്ച മറുപടി)*

ശാരീരിക അംഗവൈകല്യമുള്ളവരെയും ചെവി കേൾക്കുവാനും കണ്ണുകാണുന്നതിനും ബുദ്ധിമുട്ടുള്ളവരെയും മറ്റു ശാരീരിക മാനസിക അവശതകൾ അനുഭവിക്കുന്ന മുതിർന്ന പൗരൻമാരെയും, ഒറ്റക്ക് യാത്ര ചെയ്യേണ്ടി വരുന്ന മുതിർന്ന പൗരൻമാർക്കും റോഡ് ക്രോസ് ചെയ്യുന്നതിനും ബസുകളിൽ കയറുന്നതിനും ഇറങ്ങുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിന് ഉത്തര/ദക്ഷിണ മേഖല സൂപ്രണ്ടുമാർ മുഖാന്തിരം എല്ലാ ഹൈവേ പോലീസ് ഉദ്യോഗസ്ഥർക്കും സ്റ്റേഷൻ യൂണിറ്റുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തിരക്കുള്ള മറ്റു അത്യാവശ്യ സമയങ്ങളിലും പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ക്യാമ്പ് ചെയ്ത് ആവശ്യമായ സേവനം ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്കൂൾ/കോളേജ് പാഠ്യ പദ്ധതിയിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച് നടപടി സ്വീകരിയ്ക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

*(സമിതിയുടെ 19.09.2018-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**ഖണ്ഡിക-21**

ദീർഘകാല രോഗങ്ങളും, മാരകരോഗങ്ങളും പിടിപ്പെട്ട വൃദ്ധരെ സാധാരണ വൃദ്ധസദനങ്ങളിൽ പ്രവേശിപ്പിക്കുവാൻ കഴിയുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ഇത്തരം രോഗങ്ങൾ ബാധിക്കുന്നവരെ ശുശ്രൂഷിക്കുന്നതിനുവേണ്ട ആതുരാലയങ്ങൾ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി**

*(സാമൂഹ്യനീതി (സി) വകുപ്പിന്റെ 31.07.2025-ലെ സാ .നീ.വ.-സി2/113/2020-സാ.നീ.വ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

ദീർഘകാല രോഗങ്ങളും, മാരകരോഗങ്ങളും പിടിപ്പെട്ട വൃദ്ധരെ സാധാരണ വൃദ്ധസദനങ്ങളിൽ പ്രവേശിപ്പിച്ച ശുശ്രൂഷിക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ, നിർബന്ധിത സാഹചര്യത്തിൽ ഇത്തരം രോഗികളെ പ്രവേശിപ്പിക്കേണ്ടിവന്നാൽ അവരെ ആശുപത്രികളിൽ പ്രവേശിപ്പിച്ച് ചികിത്സിച്ച രോഗം ഭേദമാവുന്നത് വരെ താമസിപ്പിക്കുകയും പിന്നീട് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള അനുയോജ്യമായ സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കുകയോ, ബന്ധുക്കൾക്ക് കൈമാറുകയോ ചെയ്യാറുണ്ട്. ദീർഘകാലരോഗങ്ങളും മാരകരോഗങ്ങളും ബാധിക്കുന്നവരെ ശുശ്രൂഷിക്കുന്നതിന് വേണ്ട അതുരാലയങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് ആരോഗ്യവകുപ്പായതിനാൽ ഹർജിയുടെ പകർപ്പ് ആരോഗ്യവകുപ്പിന് നൽകിയിട്ടുണ്ട്.

*(സമിതിയുടെ 05.08.2025-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**ഖണ്ഡിക-22**

ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട മുതിർന്ന പൗരന്മാർക്ക് പൊതുവാഹനങ്ങളിൽ 50% യാത്രാസൗജന്യം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗതാഗത വകുപ്പ് സ്വീകരിച്ച നടപടി**

*(ഗതാഗത (ബി) വകുപ്പിന്റെ 23.04.2018-ലെ ബി 1/24-2016-ഗതാ. നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)*

മുതിർന്ന പൗരന്മാർക്ക് പൊതു വാഹനങ്ങളിൽ 50% യാത്രാ സൗജന്യം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യം കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കുവാൻ നിർവാഹമില്ല

എന്ന് കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്വകാര്യ ബസുകളിൽ മാത്രമായി യാത്രാ സൗജന്യം ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല. ഇന്ധനവിലയിലെ വ്യതിയാനത്തിനൊപ്പം ശമ്പള വർദ്ധന ഉൾപ്പെടെ സ്റ്റേജ് കാര്യേജുകൾ നിരത്തിലിറക്കുന്നതിനു വേണ്ടിവരുന്ന മറ്റ് അനുബന്ധ ചെലവുകൾ അടിക്കടി വർദ്ധിക്കുന്നതു മൂലം കെ.എസ്.ആർ.ടി.സി.-യ്ക്കും സ്വകാര്യ ബസ് ഓപ്പറേറ്റർമാർക്കും കൂടുതൽ ബാധ്യത വരുത്തിവയ്ക്കുന്നത് ഈ മേഖലയിലെ പ്രശ്നങ്ങൾ രൂക്ഷമാക്കുമെന്നുള്ളതിനാലും , പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്തും, മുതിർന്ന പൗരന്മാർക്ക് യാത്രാ സൗജന്യം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ല.

*(സമിതിയുടെ 19.09.2018-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**ഖണ്ഡിക-23**

ഏതെങ്കിലും ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ എല്ലാ വയോജനങ്ങളെയും ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയ്ക്ക് സർക്കാർ മതിയായ പ്രാധാന്യം നൽകേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ഇക്കാരണത്താൽ എ.പി.എൽ. വിഭാഗത്തിലെ മുതിർന്ന പൗരൻമാർക്ക് കുറഞ്ഞ നിരക്കിലും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട മുതിർന്ന പൗരന്മാർക്ക് സൗജന്യമായും ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

*(ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പിന്റെ 20.10.2022-ലെ HEALTH-M2/98/ 2022-HEALTH നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)*

RSBY/CHIS/CHIS plus എന്നീ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP). സംസ്ഥാന ആരോഗ്യ ഏജൻസി വഴി നടപ്പിലാക്കുന്ന ഈ

പദ്ധതിയിൽ ദരിദ്രരും ദുർബലരുമായ കുടുംബങ്ങൾക്ക് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലൂടെ 5 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സാസഹായം ലഭ്യമാകുന്നതാണ്. 2018-19 കാലയളവിലെ RSBY/CHIS ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള കുടുംബങ്ങൾക്ക് കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ കിയോസ്കുകൾ വഴി ടി പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) 2011 പ്രകാരം പിന്നാക്ക വിഭാഗത്തിലെ കുടുംബങ്ങൾക്കും പദ്ധതിയിൽ അംഗത്വമെടുക്കാൻ അർഹതയുണ്ട്. മേൽപ്പറഞ്ഞ വിഭാഗങ്ങളിൽവരാത്ത കുടുംബങ്ങൾക്ക് വാർഷിക വരുമാനം 3 ലക്ഷത്തിനു താഴെ ആണെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നൽകാവുന്നതാണ് ഈ പദ്ധതിപ്രകാരം 2 ലക്ഷം രൂപയുടെ ആജീവനാന്ത ചികിത്സാ പരിരക്ഷ (കിഡ്നി രോഗങ്ങൾക്ക് -3 ലക്ഷം രൂപ വരെ) കുടുംബത്തിനു മുഴുവനായി ലഭിക്കുന്നതാണ്. ഈ വിഭാഗങ്ങളിൽപ്പെടുന്ന മുതിർന്ന പൗരന്മാർക്ക് മേൽ സൂചിപ്പിച്ച പദ്ധതികൾ വഴി സൗജന്യ ചികിത്സ ലഭ്യമാകുന്നതാണ്.

*(സമിതിയുടെ 23.05.2024-ലെ യോഗത്തിൽ അംഗീകരിച്ചു.)*

## ഖണ്ഡിക-24

വയോജനങ്ങളുടെയും മാതാപിതാക്കളുടെയും ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് രൂപീകൃതമായ, മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം 2007, സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടെങ്കിലും ആയതിന്റെ പ്രയോജനം ബഹുഭൂരിപക്ഷം പേർക്കും ലഭിക്കുന്നില്ല എന്ന് സമിതി മനസിലാക്കുന്നു . മാതാപിതാക്കളുടെ സംരക്ഷണം മക്കളുടെ കടമയാണെന്ന അവബോധം പുതിയ തലമുറയിൽ സൃഷ്ടിക്കുന്നതിനായി മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സ്റ്റേറ്റ് കൗൺസിൽ ഫോർ

എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടി**

*(പൊതുവിദ്യാഭ്യാസ (ഡി) വകുപ്പിന്റെ 13.03.2017-ലെ/8630/ഡി2/2015/ പൊ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി.)*

സംസ്ഥാനത്തെ സർക്കാർ , എയ്ഡഡ് സ്കൂളുകളിൽ മുതിർന്ന പൗരൻമാരുടെയും മാതാപിതാക്കളുടെയും സംരക്ഷണവും പരിരക്ഷയും മൂല്യങ്ങളായി നൽകുന്ന പാഠഭാഗങ്ങൾ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ വിവിധ വിഷയങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഭാഷാവിഷയങ്ങളിലെ പാഠഭാഗങ്ങൾ പ്രസ്തുത മൂല്യങ്ങളെ വളർത്തുന്നതിന് ഉതകുന്ന തരത്തിൽ വിന്യസിച്ചിട്ടുണ്ട് സയൻസ് വിഷയങ്ങളിലും ഈ മേഖലയ്ക്ക് വേണ്ടത്ര ഊന്നൽ നൽകിയിട്ടുണ്ട്. മുതിർന്നവരിലെ ശാരീരിക മാറ്റങ്ങൾ, സഹായവും പിന്തുണയും നൽകേണ്ടതിന്റെ ആവശ്യകത എന്നീ വിഷയങ്ങളിലൂന്നിയാണ് ചില പ്രത്യേക പാഠഭാഗങ്ങൾ നൽകിയിരിക്കുന്നത്. കൂടാതെ ജീവിതനൈപുണ്യ വിദ്യാഭ്യാസത്തിനായി തയ്യാറാക്കിയിട്ടുള്ള പുസ്തകങ്ങളിൽ ഈ മേഖലയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. പാഠ്യപദ്ധതിയിൽ പരിഗണിച്ചിരിക്കുന്ന കോർ മേഖലയിൽ ഒന്നായി വൃദ്ധജനപരിപാലനം, സംരക്ഷണം എന്നീ മേഖലകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

*(സമിതിയുടെ 14.06.2017-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**സാമൂഹ്യ നീതി വകുപ്പ് സ്വീകരിച്ച നടപടി**

*(സാമൂഹ്യനീതി (സി) വകുപ്പിന്റെ 01.12.2017-ലെ 540119/സി2/16/സാ.നീ.വ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി.)*

മാതാപിതാക്കളുടെ സംരക്ഷണം മക്കളുടെ കടമയാണെന്ന അവബോധം പുതുതലമുറയിൽ സൃഷ്ടിക്കുന്നതിനായി മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും മൂല്യങ്ങളായി നൽകുന്ന പാഠഭാഗങ്ങൾ സംസ്ഥാനത്ത് 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ വിവിധ വിഷയങ്ങളിൽ

ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (SCERT) അറിയിച്ചിട്ടുള്ളതായി സാമൂഹ്യനീതി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭാഷാ വിഷയങ്ങളിലെ പാഠഭാഗങ്ങൾ പ്രസ്തുത മൂല്യങ്ങളെ വളർത്തുന്നതിനു ഉതകുന്ന തരത്തിൽ വിന്യസിച്ചിട്ടുണ്ടെന്നും സയൻസ് വിഷയങ്ങളിലും ഈ മേഖലയ്ക്ക് വേണ്ടത്ര ഊന്നൽ നൽകിയിട്ടുണ്ടെന്നും മുതിർന്നവരിലെ ശാരീരിക മാറ്റങ്ങൾ, സഹായവും പിന്തുണയും നൽകേണ്ടതിന്റെ ആവശ്യകത എന്നീ വിഷയങ്ങളിലൂന്നിയാണ് ചില പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും അറിയിക്കുന്നു. കൂടാതെ ജീവിത നൈപുണ്യ വിദ്യാഭ്യാസത്തിനായി തയ്യാറാക്കിയിട്ടുള്ള പുസ്തകങ്ങളിൽ ഈ മേഖലയ്ക്ക് പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ടെന്നും പാഠ്യ പദ്ധതിയിൽ പരിഗണിച്ചിരിക്കുന്ന കോർ മേഖലയിൽ ഒന്നായി വൃദ്ധജന പരിപാലനം, സംരക്ഷണം എന്നീ മേഖലകളെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

*(സമിതിയുടെ 09.05.2018-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**ഖണ്ഡിക-25**

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനായ ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ തുക 60 വയസ്സ് മുതൽ 79 വയസ്സ് വരെയുള്ളവർക്ക് 600/- രൂപയും 80 വയസ്സും അതിനു മുകളിലുമുള്ളവർക്ക് 1200/- രൂപയുമാണ് നൽകി വരുന്നത്. എന്നാൽ മരുന്നുകൾ ഉൾപ്പെടെ അവശ്യസാധനങ്ങളുടെ വില അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത തുക വളരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 60 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ മുതിർന്ന പൗരൻമാർക്കും പ്രതിമാസ വാർദ്ധക്യകാല പെൻഷൻ തുക 3000/- രൂപയായി വർദ്ധിപ്പിക്കണമെന്നും ആയത് അതത് മാസം തന്നെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി**

*(സാമൂഹ്യനീതി (സി) വകുപ്പിന്റെ 12.05.2016-ലെ/540104/സി1 /2016/സാ.നീ.വ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി.)*

75 വയസു കഴിഞ്ഞവർക്ക് 2016 ഏപ്രിൽ ഒന്നു മുതൽ വാർദ്ധക്യകാല പെൻഷൻ 1500/- രൂപയായി വർദ്ധിപ്പിച്ച് 01.03.2016-ലെ സ .ഉ(എം.എസ്) 24/2016/സാനീവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ സാമൂഹ്യക്ഷേമ-പെൻഷനുകളിലും സർക്കാർ കാലോചിതമായ വർദ്ധനവ് വരുത്തുന്നുണ്ട്. വർദ്ധിപ്പിച്ച തുക അതതു മാസം വിതരണം ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട് . സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിക്കനുസരിച്ച് ഇനിയും തുക വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഉചിതമായി തീരുമാനം എടുക്കാവുന്നതാണ്.

*(സമിതിയുടെ 08.09.2016-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**ഖണ്ഡിക-26**

സംസ്ഥാനത്തെ സ്വകാര്യ ലാബുകളെയും ആശുപത്രികളെയും ഏകീകൃത സ്വഭാവമുള്ള സ്ഥാപനങ്ങളാക്കി മാറ്റേണ്ടത് അത്യന്താപേക്ഷിതമാണ് . ആയതിനാൽ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളുടെമേൽ സർക്കാരിന് നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനായി സർക്കാരിന്റെ പരിഗണനയിലുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി**

*(ആരോഗ്യകുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പിന്റെ 01.08.2025-ലെ HEALTH-FW2/627/2017- HEALTH നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി.)*

അംഗീകൃത വൈദ്യശാസ്ത്ര സംവിധാനങ്ങളിലുടനീളം പൊതു , സ്വകാര്യ ക്ലിനിക്കൽ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിലൂടെ കേരളത്തിലെ പൊതുജനാരോഗ്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു സുപ്രധാന നിയമ നിർമ്മാണമാണ് കേരള സർക്കാർ 2018-ൽ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും

നിയന്ത്രണവും) ആക്റ്റ് പ്രകാരം നടപ്പിലാക്കിയിട്ടുള്ളത്. ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ചികിത്സാ നിരക്കുകളും പാക്കേജുകളും പ്രദർശിപ്പിക്കുന്നതിലൂടെ ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ നൽകുന്നുണ്ടെന്ന് ഉറപ്പാക്കുക, മെച്ചപ്പെട്ട ഗുണനിലവാരമുള്ള പരിചരണം , രോഗി സുരക്ഷ, സുതാര്യത എന്നിവ ഉറപ്പാക്കിക്കൊണ്ട് കേരളത്തിലെ ആരോഗ്യ സംരക്ഷണ മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കുക എന്നതാണ് ഈ നിയമം നടപ്പിലാക്കിയതിലൂടെ ലക്ഷ്യമിടുന്നത്.

*(സമിതിയുടെ 05.08.2025-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**ശിപാർശ-27**

ക്ഷീരവികസന വകുപ്പിനു കീഴിൽ കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ക്ഷീരകർഷകരിൽ 60 വയസ്സിനു മേൽ പ്രായമുള്ള ക്ഷീരകർഷകർക്ക് പ്രതിമാസ പെൻഷൻ 500/- രൂപ നിരക്കിൽ നല്കിവരുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ് കാരണം കന്നുകാലികൾക്കുള്ള തീറ്റയിനത്തിൽ വളരെയധികം തുക ക്ഷീരകർഷകർക്ക് ചെലവ് വരുന്നു. ചെലവിനൊത്ത വരുമാനവും പലർക്കും ലഭിക്കുന്നുമില്ല. പ്രായമേറി വരുമ്പോൾ പലതരം അസുഖങ്ങൾ ബാധിക്കുകയും വേണ്ടും വിധം മൃഗങ്ങളെ പരിപാലിക്കുന്നതിന് സാധിക്കാതെയും വരുന്നു. അതിനാൽ ക്ഷീരവികസന ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മുതിർന്ന പൗരന്മാർക്ക് നല്കിവരുന്ന പ്രതിമാസ പെൻഷൻ തുക 3000/- രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കൃഷി (ക്ഷീരവികസന) വകുപ്പ് സ്വീകരിച്ച നടപടി**

*(കൃഷി (ക്ഷീരവികസന) വകുപ്പിന്റെ 27.02.2016-ലെ ഡി3/253/2015/കൃഷി നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)*

കേരള ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രതിവർഷ വരുമാനം 23,90,53,644/- രൂപയാണ്. പ്രതിവർഷം നിലവിലുള്ള നിരക്കിൽ പെൻഷനുകൾ വിതരണം ചെയ്യുന്നതിനു മാത്രം 34,92,75,600/- രൂപ ചെലവ് വരുന്നുണ്ട്.

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം പെൻഷൻ അനുവദിക്കണമെങ്കിൽ പ്രതിവർഷം 192 കോടി രൂപയെങ്കിലും അധിക സർക്കാർ സഹായമായി ലഭിക്കണം. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ, ഈ അധിക തുക ലഭ്യമാകാൻ ഇടയില്ല. ഈ സാഹചര്യത്തിൽ ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മുതിർന്ന പൗരന്മാർക്ക് നല്കിവരുന്ന പ്രതിമാസ പെൻഷൻ തുക 3000/- രൂപയായി വർദ്ധിപ്പിക്കണമെന്ന സമിതിയുടെ ശിപാർശ തല്ക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ലാത്ത സ്ഥിതിയാണ്. എന്നാൽ 2016-17 ലെ ബഡ്ജറ്റിൽ ക്ഷീരകർഷകപെൻഷൻ 750 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

*(സമിതിയുടെ 08.09.2016-ലെ യോഗത്തിൽ പരിഗണിക്കുകയും തുടർ ശിപാർശ നൽകുകയും ചെയ്തു.)*

**തുടർ ശിപാർശ**

നിലവിലുള്ള എല്ലാ ക്ഷേമപെൻഷനുകളും സർക്കാർ വർദ്ധിപ്പിച്ച സാഹചര്യത്തിൽ, ക്ഷീരകർഷക പെൻഷനും ആനുപാതികമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുകയും ആയത് മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-26) യുടെ 2025-ലെ ജനറൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നു.

**ഖണ്ഡിക-28**

കർഷക പെൻഷൻ പദ്ധതിയിൽ അംഗത്വം സ്വീകരിച്ച എല്ലാ മുതിർന്ന പൗരന്മാരായ കർഷകർക്കും പ്രതിമാസ പെൻഷൻ തുക 3000/- രൂപയായി വർദ്ധിപ്പിച്ചു നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കൃഷി വകുപ്പ് സ്വീകരിച്ച നടപടി**

*(കൃഷി (പി.ബി.) വകുപ്പിന്റെ 01.03.2016-ലെ 6858/പി.ബി1/2015 / കൃഷി നമ്പർ കത്തു മുഖേന ലഭിച്ച മറുപടി.)*

പെൻഷൻകാരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പെൻഷൻ ചെലവിനത്തിൽ വൻവർദ്ധന പ്രതീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ

ശിപാർശ ചെയ്തിട്ടുള്ള പ്രകാരം കർഷക പെൻഷൻ തുക വർദ്ധിപ്പിക്കുന്നത് പരിഗണിക്കുക പ്രയാസമാണ്.

*(സമിതിയുടെ 08.09.2016-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**<u>ഖണ്ഡിക -29</u>**

കർഷക പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന മുതിർന്ന പൗരൻമാരായ കർഷകരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി 25,000/- രൂപ നൽകിവരുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ വിവാഹാനുബന്ധ ചെലവുകളും നിത്യോപയോഗ സാധനങ്ങളുടെ വിലയും ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത തുക വളരെ പരിമിതമാണ്. ആയതിനാൽ മുതിർന്ന പൗരൻമാരായ കർഷകരുടെ പെൺമക്കൾക്ക് നൽകിവരുന്ന വിവാഹ ധനസഹായം 50,000/- (അമ്പതിനായിരം) രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**<u>കൃഷി വകുപ്പ് സ്വീകരിച്ച നടപടി</u>**

*<u>(കൃഷി (പി.ബി) വകുപ്പിന്റെ 25.04.2018-ലെ 580/പിബി1/2013/കൃഷി നമ്പർ കത്തുമുഖേന ലഭിച്ച മറുപടി)</u>*

കർഷക പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന മുതിർന്ന പൗരൻമാരായ കർഷകരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി 25,000/- രൂപ നൽകിയിരുന്നത് കിസ്സാൻ അഭിമാൻ പദ്ധതി പ്രകാരമാണ്. ടി പദ്ധതിയെ 2011-12 -ൽ ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിലേക്ക് ഉൾക്കൊള്ളിക്കുകയുണ്ടായി. കിസ്സാൻ അഭിമാൻ പദ്ധതി പ്രകാരം അനുവദിച്ചിരുന്ന വിവാഹ ധനസഹായം ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി വഴി നൽകുന്നില്ല. എന്നാൽ കർഷക ക്ഷേമബോർഡ് രൂപീകരിക്കുന്ന ഘട്ടത്തിൽ ഈ ആവശ്യം പരിശോധിക്കുന്നതാണ്.

*(സമിതിയുടെ 19.09.2018-ലെ യോഗത്തിൽ അംഗീകരിച്ചു.)*

## ഖണ്ഡിക 30

വൃദ്ധജനങ്ങളെയും വൃദ്ധരായ മാതാപിതാക്കളെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും അവരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും അവരെ സംരക്ഷിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പുതിയ തലമുറയിൽ അവബോധം സൃഷ്ടിക്കേണ്ടതിന്റെ സമയം അതിക്രമിച്ചതായി സമിതി മനസ്സിലാക്കുന്നു. ആയതിൽ വൃദ്ധജന പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും അവബോധം പുതുതലമുറയിൽ/ജനങ്ങളിൽ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രചരണം പാഠ്യപദ്ധതികളിലും, ടെലിവിഷൻ, റേഡിയോ, വിവിധ പത്രങ്ങൾ എന്നീ മാധ്യമങ്ങൾ മുഖേനയും നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ് സ്വീകരിച്ച നടപടി

*(ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (ഇ) വകുപ്പിന്റെ 10.04.2017-ലെ 2635/ ഇ 3/2016/ഐ&പി.ആർ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

വൃദ്ധജനപരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും അവബോധം പുതുതലമുറയിൽ/ജനങ്ങളിൽ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രചാരണം പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന്മേൽ നടപടി സ്വീകരിക്കേണ്ടത് പൊതുവിദ്യാഭ്യാസ വകുപ്പാണ്.

വൃദ്ധജനപരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും പ്രചാരം സംബന്ധിച്ച പരസ്യം സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് പരസ്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

*(സമിതിയുടെ 14.06.2017-ലെ യോഗത്തിൽ അംഗീകരിച്ചു.)*

### പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടി

*(പൊതുവിദ്യാഭ്യാസ (ഡി) വകുപ്പിന്റെ 13.03.2017-ലെ 8630/ഡി2/2015/പൊവിവ നമ്പർ കത്തുമുഖേന ലഭിച്ച മറുപടി)*

സംസ്ഥാനത്തെ സർക്കാർ , എയ്ഡഡ് സ്കൂളുകളിൽ മുതിർന്ന പൗരൻമാരുടെയും, മാതാപിതാക്കളുടെയും സംരക്ഷണവും പരിരക്ഷയും

മൂല്യങ്ങളായി നൽകുന്ന പാഠഭാഗങ്ങൾ ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ വിവിധ വിഷയങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഭാഷാ വിഷയങ്ങളിലെ പാഠഭാഗങ്ങൾ പ്രസ്തുത മൂല്യങ്ങളെ വളർത്തുന്നതിന് ഉതകുന്ന തരത്തിൽ വിന്യസിച്ചിട്ടുണ്ട് . സയൻസ് വിഷയങ്ങളിലും ഈ മേഖലയ്ക്ക് വേണ്ടത്ര ഊന്നൽ നൽകിയിട്ടുണ്ട്. മുതിർന്നവരിലെ ശാരീരിക മാറ്റങ്ങൾ, സഹായവും പിന്തുണയും നൽകേണ്ടതിന്റെ ആവശ്യകത എന്നീ വിഷയങ്ങളിലൂന്നിയാണ് ചില പ്രത്യേക പാഠഭാഗങ്ങൾ നൽകിയിരിക്കുന്നത്. കൂടാതെ ജീവിതനൈപുണ്യ വിദ്യാഭ്യാസത്തിനായി തയ്യാറാക്കിയിട്ടുള്ള പുസ്തകങ്ങളിൽ ഈ മേഖലയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട് . പാഠ്യപദ്ധതിയിൽ പരിഗണിച്ചിരിക്കുന്ന കോർ മേഖലയിൽ ഒന്നായി വൃദ്ധജന പരിപാലനം, സംരക്ഷണം എന്നീ മേഖലകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

*(സമിതിയുടെ 14.06.2017-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**<u>സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടി</u>**

*<u>(സാമൂഹ്യനീതി (സി) വകുപ്പിന്റെ 01.12.2017-ലെ 540119/C2/16/സാ.നീ.വ. നമ്പർ കത്തുമുഖേന ലഭിച്ച മറുപടി)</u>*

വൃദ്ധജന പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും അവബോധം പുതു തലമുറയിൽ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രചാരണം FM റേഡിയോ വഴി നടത്തിയിട്ടുണ്ട്. വൃദ്ധജനപരിപാലനം, സംരക്ഷണം എന്നീ കാര്യങ്ങൾ SCERT വഴി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. എല്ലാ വർഷവും വയോജന ദിനാചരണ പരിപാടി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും സംഘടിപ്പിക്കുകയും സ്കൂൾ, കോളേജ് തലത്തിലുള്ള കുട്ടികളെ പങ്കെടുപ്പിച്ച് പ്രസംഗ , പ്രബന്ധ മത്സരങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കാറുമുണ്ട്. 2015-ൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി 'തണലേകിയവർക്ക് തണലാകാം' എന്ന ഒരു ബോധവത്ക്കരണ പരിപാടി സംസ്ഥാനമൊട്ടാകെ നടത്തുകയുമുണ്ടായി . വയോജനങ്ങളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം മനസ്സിലാക്കുന്ന തരത്തിലുള്ള

പ്രചരണ പരിപാടികൾ തുടർന്നും സംഘടിപ്പിക്കുന്നതും ശ്രവ്യ ദൃശ്യ മാധ്യമങ്ങൾ വഴി പ്രചാരണം സംഘടിപ്പിക്കുന്നതുമാണ്.

*(സമിതിയുടെ 09.05.2018-ലെ യോഗത്തിൽ അംഗീകരിച്ചു.)*

## ഖണ്ഡിക 31

സംസ്ഥാനത്തെ എല്ലാ സർക്കാർ /സ്വകാര്യ മെഡിക്കൽ കോളേജുകളിലും ജില്ലാ/താലൂക്ക് ആശുപത്രികളിലും പ്രൈമറി/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും വൃദ്ധജന (ജെറിയാട്രിക്) ക്ലിനിക്കുകളും വയോജനങ്ങൾക്ക് മാത്രമായി പ്രത്യേകം ഒ.പി.യും തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ആരോഗ്യകുടുംബക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

*(ആരോഗ്യകുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പിന്റെ 22.01.2020-ലെ HEALTH-FW2/627/2017-HEALTH നമ്പർ കത്തുമുഖേന ലഭിച്ച മറുപടി)*

ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ ജില്ലാ ആശുപത്രികളിലും പ്രത്യേക ജെറിയാട്രിക് വാർഡുകളും, ജെറിയാട്രിക് ഒ.പി യും, ഫിസിയോതെറാപ്പി യൂണിറ്റും സജ്ജീകരിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് വയോജന ആരോഗ്യ പദ്ധതിയിലൂടെയും കേന്ദ്രാവിഷ്കൃത പദ്ധതിയായ NPHCE-യിലൂടെയും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി നാഷണൽ ഹെൽത്ത് മിഷൻ മുഖേന ഡോക്ടർമാരെയും നേഴ്സുമാരെയും ഫിസിയോതെറാപ്പിസ്റ്റുകളെയും നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു. താലൂക്ക് ആശുപത്രികൾ വയോജന സൗഹൃദമാക്കുന്നതിനും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ട്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ആരോഗ്യത്തിനും സാന്ത്വന പരിചരണത്തിനും ഒരു സ്റ്റാഫ് നഴ്സിനെയും ഒരു ഫിസിയോതെറാപ്പിസ്റ്റിനെയും നിയമിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് പ്രത്യേക ആരോഗ്യ പരിരക്ഷ നൽകുന്നതിന് നിർദ്ദേശവും പരിശീലനവും നൽകിയിട്ടുണ്ട് . കൂടാതെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വരുന്ന രോഗികളിൽ ബഹുഭൂരിപക്ഷവും

മുതിർന്ന പൗരന്മാർ ആയതിനാൽ ഒരു പ്രത്യേക ഒ.പി എന്നത് നടപ്പിലാക്കുവാൻ സാങ്കേതികമായ പരിമിതികളുണ്ട്.

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ മുതിർന്ന പൗരന്മാർക്ക് മികച്ച പരിഗണന നൽകി വരുന്നുണ്ട്. ആശുപത്രികൾ വയോജന സൗഹൃദം ആക്കുന്നതിനും, മുതിർന്ന പൗരന്മാർക്ക് വലിയ തോതിലുള്ള സേവനങ്ങൾ ഉറപ്പാക്കുന്നതിലും കേരളത്തിലെ മെഡിക്കൽ കോളേജുകൾ ബഹുദൂരം മുന്നിലാണ്.

*(സമിതിയുടെ 23.05.2024-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**ഖണ്ഡിക 32**

കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, മറ്റു ദുർബല വിഭാഗങ്ങൾ , പാലിയേറ്റീവ് കെയർ രോഗികൾ എന്നിവർക്കുവേണ്ടി 5% തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും നീക്കിവയ്ക്കുന്നതിന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി വിഹിതം വയോജനങ്ങളുടെ ക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ വയോജന ക്ഷേമത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനായി വയോജന ക്ഷേമത്തിനായി പ്രത്യേക തുക ബഡ്ജറ്റിൽ വകയിരുത്തുകയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതം 5 ശതമാനത്തിൽ നിന്നും 10 ശതമാനമാക്കി വർദ്ധിപ്പിക്കുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സാമൂഹ്യനീതി(സി) വകുപ്പ് സ്വീകരിച്ച നടപടി**

*(സാമൂഹ്യനീതി (സി) വകുപ്പിന്റെ 04.08.2025-ലെ സാനീവ -സി2/214/2025-സാനീവ നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)*

വയോജനക്ഷേമ പദ്ധതികൾക്കായി സാമൂഹ്യനീതി വകുപ്പിന്റെ 2235-02-104-82(പ്ലാൻ) ശീർഷകത്തിൽ 2024-25 സാമ്പത്തികവർഷം വരെ 6.8 കോടി രൂപയാണ് വകയിരുത്തിവന്നിരുന്നത്. എന്നാൽ, നടപ്പുവർഷം ആയത് 14 കോടി

രൂപയാക്കി ഉയർത്തിയിട്ടുണ്ട്. നടപ്പുവർഷം വയോജനക്ഷേമമേഖലയിൽ ഹെൽത്തി ഏജിംഗ്(Healthy Ageing) എന്ന പദ്ധതിക്കായി 50 കോടിരൂപയും, വയോജനപാർക്കുകൾ നിർമ്മിക്കുന്നതിനായി 5 കോടിരൂപയും തദ്ദേശസ്വയംഭരണ-വകുപ്പിന് ഉപയോഗിക്കുന്നതിനായി അധികമായി വകയിരുത്തിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

*(തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പിന്റെ 31.07.2025-ലെ ഡി .എ 3/103/2025-തസ്വഭവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി)*

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുവദിക്കുന്ന വികസന ഫണ്ടിൽ നിന്നും അങ്കണവാടി പോഷകാഹാരം, എസ്.എസ്.കെ, പി.എം.എ.വൈ അധിക വിഹിതം, ആശ്രയ വിഹിതം. ഐ.കെ.എം വിഹിതം, അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാൻ എന്നിവയ്ക്ക് ആവശ്യമായ വിഹിതം അനിവാര്യമായി നീക്കിവയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ വികസന ഫണ്ടിന്റെ കുറഞ്ഞത് 10 ശതമാനം തുക വനിത ഘടക പദ്ധതിക്കും 5 ശതമാനം തുക കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റർ എന്നിവരുടെ ക്ഷേമത്തിനും കുറഞ്ഞത് 5 ശതമാനം തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റിവ് കെയറിനും നീക്കിവയ്ക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ കൂടാതെ ഉത്പാദന മേഖല, ലൈഫ് ഭവന പദ്ധതി പോലുള്ള മുൻഗണനാ പരിപാടികൾ എന്നിവയ്ക്കും നിശ്ചിത തുക മാറ്റിവയ്ക്കേണ്ടതുണ്ട്.

മുകളിൽ വിവരിച്ച തരത്തിലുള്ള നീക്കി വെയ്ക്കലുകൾക്ക് ശേഷം മറ്റ് പരിപാടികൾക്ക് തുക മതിയാകാതെ വരുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാതി ഉന്നയിക്കുന്നുണ്ട്. വയോജനങ്ങൾക്കായി നിർബന്ധമായും നീക്കി വെയ്ക്കേണ്ട 5 ശതമാനം തുകയ്ക്കുള്ള പ്രോജക്ടുകൾ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന മറ്റ് പ്രോജക്ടുകളുടെയും ഗുണഭോക്താക്കളിൽ വയോജനങ്ങൾ ഉൾപ്പെടുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർദേശങ്ങൾ രൂപപ്പെടുത്തുന്നതിന് ഇപ്പോൾ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിക്കുമ്പോൾ 10 ശതമാനം തുക വയോജനങ്ങളുടെ ക്ഷേമത്തിനായി നീക്കിവെയ്ക്കണമെന്ന ആവശ്യം പരിഗണിക്കുവാൻ നിർവാഹമില്ല.

*(ശിപാർശ 32 മേൽ സാമൂഹ്യനീതി, തദ്ദേശസ്വയംഭരണ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതിയുടെ 05.08.2025-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**ഖണ്ഡിക 33**

മുതിർന്ന പൗരൻമാർക്ക് കെ .എസ്.ആർ.ടി.സി ബസ്സുകളിലും സ്വകാര്യ ബസ്സുകളിലും യാത്രചെയ്യുന്ന വേളയിൽ ബസ്സിന്റെ ബോർഡുകൾ വായിച്ച് മനസ്സിലാക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ബസ് റൂട്ട് ആരംഭിക്കുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങൾ ഇംഗ്ലീഷിലും പ്രാദേശിക ഭാഷയിലും ബസ്സുകളുടെ 4 വശങ്ങളിലും എഴുതി വയ്ക്കുന്നതിനാവശ്യമായ കർശനം നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗതാഗത വകുപ്പ് സ്വീകരിച്ച നടപടി**

*(ഗതാഗത (ബി) വകുപ്പിന്റെ 23.04.2018 -ലെ ബി1-24-2016-ഗതാ നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)*

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ബസ്സിന്റെ നാലു വശങ്ങളിലും പ്രാദേശിക ഭാഷയിലും ഇംഗ്ലീഷിലും ഡെസ്റ്റിനേഷൻ ബോർഡുകൾ എഴുതി പ്രദർശിപ്പിക്കണമെന്ന് നേരത്തെ തന്നെ നിർദ്ദേശം നല്കിയിട്ടുണ്ട് . സമിതിയുടെ ശിപാർശ പ്രകാരം ഇക്കാര്യം ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തിയിട്ടുണ്ട് . വലതു വശത്തെ ബോർഡ് മുതിർന്നവർക്ക് വായിച്ച് മനസ്സിലാക്കാൻ സാധിക്കുകയില്ല എന്നും അതിനാൽ അത് പ്രായോഗികമായ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ് എന്ന് ഗതാഗത കമ്മീഷണർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും സമിതി ശിപാർശ ചെയ്തിട്ടുള്ള പ്രകാരം സ്വകാര്യ ബസ്സുകളിലും ഇത്തരത്തിൽ ബോർഡ് എഴുതി

പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

*(സമിതിയുടെ 19.09.2018-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**ഖണ്ഡിക 34 & 35**

മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്കെതിരെ പോലീസ് /റവന്യൂ ഉദ്യോഗസ്ഥർ സ്വമേധയാ കേസെടുത്ത് അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തനുതകുന്ന തരത്തിലുള്ള സംരംഭം പോലീസ് വകുപ്പിൽ തുടങ്ങണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി**

*(ആഭ്യന്തര (ജി) വകുപ്പിന്റെ 09.07.2019 -ലെ ജി3/545/2018/ആഭ്യന്തര നമ്പർ കത്തു മുഖേന ലഭിച്ച മറുപടി)*

മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്ക് എതിരെ The Maintenance and Welfare of Parents and Senior Citizens Act 2007 പ്രകാരം കേസ് രജിസ്റ്റർ ചെയ്യാറുണ്ടെന്നും, Kerala Maintenance and Welfare of Parents and Senior Citizens Rule 2009 പ്രകാരമുള്ള ചട്ടങ്ങൾ പാലിക്കുന്നുണ്ട് എന്നും, മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്കുകൾ രൂപീകരിച്ചിട്ടുള്ളതായും അതത് ബീറ്റ് ഏര്യകളിൽപ്പെട്ട സ്ഥലങ്ങളിൽ ബീറ്റ് ഓഫീസർമാർ മുതിർന്ന പൗരന്മാരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ പരാതികൾക്ക് അടിയന്തര പരിഹാരം കാണുകയും ചെയ്യുന്നതായും, ഓരോ സ്റ്റേഷൻ പരിധികളിലും ഉൾപ്പെട്ടിട്ടുള്ള മുതിർന്ന പൗരന്മാരുടെ വിവരങ്ങൾ ശേഖരിച്ച് ആയത് രജിസ്റ്റർ ഓഫ് സീനിയർ സിറ്റിസൺ പ്രകാരം സൂക്ഷിച്ചിരിക്കുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

*(34,35 എന്നീ ശിപാർശകളിന്മേൽ ലഭ്യമായ റിപ്പോർട്ടുകൾ സമിതിയുടെ 23.05.2024 -ലെ യോഗത്തിൽ അംഗീകരിച്ചു.)*

## ഖണ്ഡിക-36

വയോജനങ്ങൾക്ക് പോഷകസമൃദ്ധമായ ആഹാരം നൽകുന്നതിൽ കുടുംബാംഗങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു . ആയതിനാൽ മുതിർന്നവർക്കും കുടുംബാഗങ്ങൾക്കും പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുന്നതിനാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ എല്ലാ പഞ്ചായത്തുകളിലും /കോർപ്പറേഷനുകളിലും തുടങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച മറുപടി

*(സാമൂഹ്യനീതി (സി) വകുപ്പിന്റെ 31.07.2025-ലെ സാനീവ-സി2/113/2020-സാനീവ നമ്പർ കത്തുമുഖേന ലഭിച്ച മറുപടി)*

വയോജനങ്ങളുടെ കുടുംബാംഗങ്ങൾ ഇവർക്ക് പോഷകസമൃദ്ധമായ ആഹാരം നൽകുന്നതിൽ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്നതിനാൽ ആയതിന്റെ ഗൗരവം മനസ്സിലാക്കിക്കൊടുക്കുന്നതിനാവശ്യമായ ബോധവത്ക്കരണക്ലാസുകൾ പഞ്ചായത്ത്/ കോർപ്പറേഷൻ തലങ്ങളിൽ സംഘടിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് മുതിർന്ന പൗരന്മാർ ഉൾപ്പെടുന്ന കുടുംബാംഗങ്ങൾ, പാലിയേറ്റീവ് ഉൾപ്പെടെയുള്ള സന്നദ്ധസംഘടനകളിലെ ഭാരവാഹികൾ, മുതിർന്നവരെ പരിപാലിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടവർ തുടങ്ങിയവരെ ഉൾപ്പെടുത്തിക്കൊണ്ട് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാൻ എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും തുക അനുവദിക്കുകയും ആയത് സംഘടിപ്പിക്കുകയും ചെയ്തിരുന്നു. കൂടാതെ, വയോജന സംരക്ഷണം സംബന്ധിച്ച് എല്ലാ ജില്ലകളിലും ഹൈസ്കൂൾ, കോളേജ് തലത്തിൽ ബോധവത്ക്കരണം, വയോജന ദിനത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്കായുള്ള ബോധവത്ക്കരണം എന്നിവയും നടത്തിവരുന്നുണ്ട്.

*(സമിതിയുടെ 05.08.2025-ലെ യോഗത്തിൽ അംഗീകരിച്ചു.)*

**ഖണ്ഡിക - 37**

60 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാരിൽ ഏകദേശം 60% വരുന്ന ആളുകളുടെ സാമ്പത്തിക ശാരീരിക മാനസിക സ്ഥിതി വളരെ പരിതാപകരമാണ്. ഇവരിൽ സംരക്ഷിക്കാൻ മക്കളില്ലാത്തവരും, ഉള്ള മക്കൾ തിരിഞ്ഞുനോക്കാത്തവരുമായി ധാരാളം പേർ ഈ സമൂഹത്തിൽ ജീവിക്കുന്നു. ഇത് മുതിർന്ന പൗരന്മാരെ ഒറ്റപ്പെട്ട ജീവിതം നയിക്കേണ്ട സാഹചര്യത്തിലെത്തിക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുന്ന മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനു വേണ്ടി കമ്മ്യൂണിറ്റി -കം-ഡേ കെയർ സെന്ററുകൾ ഓരോ പഞ്ചായത്തിലും തുടങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**തുടർ ശിപാർശ**

മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-2016)യുടെ അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ച് 10 വർഷത്തിലേറെയായിട്ടും ആയതിലെ മേല്പറഞ്ഞ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട് തദ്ദേശസ്വയംഭരണവകുപ്പ് ലഭ്യമാക്കാത്തത് ഗൗരവതരമായി സമിതി വീക്ഷിക്കുന്നു. ആയതിനാൽ ശിപാർശ നമ്പർ 37 സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശം മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി(2025-2026)യുടെ 2025 -ലെ ജനറൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തി തുടർ നടപടി സ്വീകരിച്ചുവരുന്നു.

**കെ.പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,**
**ചെയർപേഴ്സൺ,**
**മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി**

**തിരുവനന്തപുരം,**
**2026, ഫെബ്രുവരി 4**